# കേരള നാടോടിക്കഥകൾ

1152
228



# ബാല സാഹിത്യം

കേരള വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ്

# കേരള നാടോടികഥകൾ

GOVT. BASIC TRAINING SCHOOL
No. 1152
KOTTAYAM KERALA
228

ഗ്രന്ഥകർത്താവ്
ടി. വി. കൃഷ്ണൻ

## വിഷയവിവരം


1. വിറക് വെട്ടിയും മഴുവും.
2. രോമക്കച്ചവടം
3. നമ്പൂര്യച്ഛനും വരിയൻ പുലിയും
4. വിഡ്ഢിച്ചങ്കരൻ
5. കോന്തന്റെ രാജസേവനം
6. മൊയില്യാര് ബാവുക്ക
7. കണ്ണാന്തോലും രണ്ടാംകടിയമ്മയും
8. മാരിക്കാറുക്കൻ മാട്ടംപോലെ.

# കേരള നാടോടിക്കഥകൾ

## 1. വിറകുവെട്ടിയും മഴുവും

ഒരു വിറക വെട്ടുകാരൻ ഒരിക്കൽ നദീതീരത്തുള്ള ഒരു കാട്ടിൽ വിറക വെട്ടുവാൻ പോയി. വിറക് വെട്ടിക്കൊണ്ട് നിൽക്കുമ്പോൾ അയാളുടെ മഴു പെട്ടെന്ന് പുഴയിലേക്ക് തെറിച്ചു വീണു. അയാൾ കുറച്ചു ഇറങ്ങി തപ്പിനോക്കി. മഴു കിട്ടിയില്ല. വ്യസനം കൊണ്ട് അയാൾക്ക് കണ്ണിൽ വെള്ളം പൊടിഞ്ഞു. അങ്ങനെയിരിക്കെ പെട്ടെന്ന് ആ പുഴയിൽ ഒരു രൂപം ഉയർന്നു വന്ന് സംഗതി ചോദിച്ചു.

അത് ആ നദിയുടെ ദേവതയായിരുന്നു. വിറക് വെട്ടുകാരൻ വിവരം ദേവതയെ അറിയിച്ചു. അപ്പോൾ ആ രൂപം ഒരു വെള്ളി



മഴു ഉയർത്തിക്കാട്ടി അയാളോടു ചോദിച്ചു:—"ഇതാണോ നിങ്ങളുടെ മഴു"? വിറകുവെട്ടി പറഞ്ഞു:—"അല്ല."

പിന്നെ ഒരു സ്വർണ്ണ മഴു എടുത്ത് കാട്ടി ദേവത ചോദിച്ചു. ഇതാണോ നിങ്ങളുടെ മഴു?" അപ്പോഴും അല്ലെന്ന് തന്നെ ആയാൾ മറുപടി പറഞ്ഞു.

പിന്നെ കുറെ കഴിഞ്ഞ് വീണ്ടും ആ സ്വരൂപം ജലത്തിൽ നിന്ന് ഒരു ഇരുമ്പ് മഴു എടുത്ത് കാണിച്ച് ചോദിച്ചു, "ഇതാണോ നിങ്ങളുടെ മഴു?"

അപ്പോൾ വിറകുവെട്ടുകാരൻ പറഞ്ഞു, "ഇത് തന്നെയാണ് എന്റെ മഴു."

വിറകു വെട്ടുകാരന്റെ സത്യസന്ധത കണ്ട് സന്തോഷിച്ച് ആ ദേവത ആ മൂന്നു മഴുവും ആയാൾക്ക് സമ്മാനിച്ച് അപ്രത്യക്ഷയായി.

വിറകുവെട്ടുകാരൻ വീട്ടിൽ വന്ന് ആ സ്വർണ്ണ മഴുവും വെള്ളി മഴുവും ഉരുക്കി വിറ്റു. അങ്ങനെ ആയാൾ ഒരു പണക്കാരനായി.

അങ്ങനെയിരിക്കെ അയാളുടെ അടുത്തുള്ള മറ്റൊരു വിറക് വെട്ടുകാരൻ ഈ വിവരം അറിഞ്ഞു. അയാൾക്ക് കൊതി തുള്ളി. ഒടുക്കം, അടക്കി നിൽക്കാൻ കഴിയാതായപ്പോൾ അയാളും ഒരു മഴു എടുത്ത് ആററിൻ കരയിലേക്ക് പോയി. വിറകുവെട്ടിത്തുടങ്ങി. കുറെ വെട്ടിയിട്ടും മഴു നദിയിലേക്ക വീഴാത്തതു കണ്ട് അയാൾ അത് നദിയിലേക്ക് വലിച്ചെറിഞ്ഞു. എന്നിട്ട് കാച്ചിൽ വരാതായപ്പോൾ കുറച്ച് തുപ്പൽ കണ്ണിൽ പുരട്ടി കരയുന്ന ഭാവം നടിച്ചു. നദീദേവത പ്രത്യക്ഷയായി.

വിവരം അറിഞ്ഞ നദീദേവത അയാളുടെ മഴു താഴ്ന്ന പുഴയിൽ നിന്ന് പൊക്കിക്കാണിച്ചു. അപ്പോൾ അയാൾ പറഞ്ഞു അത് തന്റെ

മഴു അതല്ലെന്നു്. പിന്നെ ദേവത ഒരു വെള്ളിമഴു എടുത്തു് കാണിച്ചു. അതും അയാൾ തന്റേതല്ലെന്നു് പറഞ്ഞു. പിന്നെ നദിയിൽ നിന്നു് ഉയർന്നതു് ഒരു സ്വർണ്ണ മഴു ആണു്. ആർത്തിയോടെ അയാൾ പറഞ്ഞു. "ഇതാണു് എന്റെ മഴു."

അപ്പോൾ ദേവത അയാളോടു് പറഞ്ഞു, "താൻ വലിയൊരു കൊതിയനും നുണയനും ആണു്. തനിക്കു് ഒരു മഴുവും തരുന്നില്ല." ഇത്രയും പറഞ്ഞു് തൽക്ഷണം ദേവത അപ്രത്യക്ഷയായി.

---

## 2. രോമക്കച്ചവടം

ശങ്കുക്കുറുപ്പിന്റെ കഥ പറയാം. കൽക്കുറുപ്പോ മരക്കുറുപ്പോ അല്ല. മുടി വെട്ടുന്ന കുറുപ്പ്. ഒരു പൊടി ഇംഗ്ലീഷിൽ പറഞ്ഞാൽ ബാർബർ, ഹിന്ദിയിലാണെങ്കിൽ നായ്.

ബാർബർ ശങ്കു പുരാതനനാണ്. അതായത് പണ്ട് ജീവിച്ചിരുന്ന ഒരാൾ, അന്ന് കേരളീയർ തലമുടി മുഴുവൻ വെട്ടിക്കളഞ്ഞിരുന്നില്ല. മുൻകുടുമവെക്കുകയായിരുന്നു പതിവ്. തലയുടെ ചുറ്റും ക്ഷൗരം നടത്തും. മുഖത്തെ രോമവും കളയും.

അങ്ങനെയുള്ള ആ പണ്ട് കാലത്താണ് നമ്മുടെ ശങ്കുക്കുറുപ്പ് ജീവിച്ചിരുന്നത്.

തന്റെ തൊഴിലിൽ, അതായത് താടിവടി പണിയിൽ, ശങ്കു വളരെ വിദഗ്ധനായിത്തീർന്നു. മിടുക്ക് കൂടിയതോടെ അയാൾക്ക് ഗർവ്വും വർദ്ധിച്ചു. കൂലി കൂടുതൽ കിട്ടണം. പിന്നെ അതും പോരെന്നായി. മുതലാളികൾക്കും ജന്മികൾക്കും അതുപോലെ തമ്പ്രാന്മാർക്കും മാടമ്പികൾക്കും മാത്രമേ അയാൾ ക്ഷൗരം ചെയ്തുകൊടുക്കുള്ളൂ എന്ന നില വന്നു. സാധാരണ കൃഷിക്കാരെയും തൊഴിലാളികളെയും വലിയ പുച്ഛമായ് അയാൾക്ക്. അയാൾ അവരുടെയൊന്നും മുടി മുറിക്കാതായി,

ഇതിന്റെ ഫലമായി ആ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളുടെയും താടിരോമമങ്ങിനെ നീണ്ടു നീണ്ടു വന്നു. അവർക്കൊക്കെ വലിയ ബുദ്ധിമുട്ടായി. എന്തു് ചെയ്യും?

അങ്ങനെയിരിക്കെ ആ നാട്ടിൽ ഒരു പരദേശിവന്നു. ആളുകൾ ഇങ്ങനെ താടി നീട്ടിയിരിക്കുന്നതു് കണ്ടു് അയാൾ ആദ്യം അമ്പരന്നു. പിന്നെ കാര്യം ചോദിച്ചു് മനസ്സിലാക്കി. നാട്ടുകാരുടെ ബുദ്ധിമുട്ടു് താൻ തീർത്തു് കൊടുക്കാമെന്നു് അയാൾ അവരോടു് പറഞ്ഞു.

ഒരു ദിവസം കയ്യിൽ ഒരു ചാക്കു് എടുത്തു് കൊണ്ടു് പരദേശി ശങ്കുവിന്റെ അടുത്തു് ചെന്നു. അതിൽ കുറെ രോമം ഉണ്ടായിരുന്നു. വിവരം ചോദിച്ചപ്പോൾ അയാൾ ശങ്കുവിനോടു് പറഞ്ഞു:— "ഞാൻ വലിയൊരു കച്ചവടക്കാരന്റെ ആളാണു്. എന്റെ യജമാനനു് നൂറു് തുലാം രോമം വേണം. ശീമയിലേക്കു് കയററി അയക്കാനാണു്. തുലാത്തിനു് നൂറു് വെള്ളി യജമാനൻ വിലകൊടുക്കും. ഇവിടെ വന്നു് അന്വേഷിച്ചപ്പോളാണു് മനസ്സിലായതു് നിങ്ങൾ മാത്രമേ ഈ ദേശത്തു് ഒരു കുറുപ്പു് ഉള്ളു എന്നു്. നിങ്ങൾ വിചാരിച്ചാൽ ഞാൻ വന്ന കാര്യം നടക്കുമെന്നു് തോന്നുന്നു. ആവശ്യമുള്ള സംഖ്യ മുൻകൂർ തരാം."

വേണ്ടത്രരോമം ആറുമാസത്തിനകം കൊടുക്കാമെന്നു് ശങ്കു വാഗ്ദത്തം ചെയ്തു. പരദേശി കുറുപ്പിനു പത്തു് വെള്ളി മുൻകൂർ കൊടുത്തു.

ശങ്കുക്കുറുപ്പു് പിന്നെ തണ്ടാന്മാരെയും മാടമ്പികളെയും മാത്രമല്ല ക്ഷൗരം ചെയ്തതു്. കണ്ടവരെയൊക്കെ തന്റെ അടുക്കലേക്കു് വിളിച്ചു

മുടി കളഞ്ഞു. ശങ്കുവിൻെറ പടിക്കൽ എപ്പോഴും ഒരു വട്ടി ഉണ്ടായിരിക്കും. കിട്ടിയ മുടിയൊക്കെ അതിൽ കൊണ്ടു് വന്നു് നിക്ഷേപിക്കും. വീട്ടു് വീടായി ശങ്കു കയറിയിറങ്ങി ഇപ്പോൾ ആരുടെയും മുടി കളയും. വട്ടി നിറഞ്ഞാൽ അതൊക്കെ തൻെറ മുറിയിൽ കൊണ്ടു വന്നു് സൂക്ഷിക്കും. മുടി ഇപ്പോൾ ഒരു കുന്നായിട്ടുണ്ടു്. എന്നാലും കുറുപ്പു് ജാഗ്രതയായിത്തന്നെ പണി തുടരുന്നു. വലിയ വലിയ പണക്കാരനാകാനാണേ!

നാട്ടുകാരുടെ ഉപദ്രവം ഒരു വിധം നീങ്ങി. കാശ് കൊടുത്തില്ലെങ്കിലും കുറുപ്പു് ഇപ്പോൾ ആർക്കു് വേണമെങ്കിലും ക്ഷൌരം ചെയ്തു് കൊടുക്കും. ധനിക ദരിദ്ര ഭേദം ഇന്നു് ആയാളെ തീരെ തീണ്ടുന്നില്ല.

നാലഞ്ചു് മാസം കഴിഞ്ഞു. അങ്ങനെയിരിക്കെ പരദേശിയിൽ നിന്നു് കുറുപ്പിനു് ഒരു കുറിപ്പു് കിട്ടി. അതിൽ ഇങ്ങനെ എഴുതിയിരുന്നു:— ഞാൻ അടുത്തു് തന്നെ അങ്ങോട്ടു് വരാം. നിങ്ങൾ രോമം ശരിക്കു് സൂക്ഷിക്കുന്നുണ്ടല്ലോ. കറുപ്പു്, വെള്ള, ചെമ്പൻ, ഇങ്ങനെ തരം തിരിച്ചു് തന്നെയാണല്ലോ സൂക്ഷിക്കുന്നതു്? മറക്കു് നടക്കട്ടെ. അമാന്തിക്കരുതു്" കത്തു് വായിച്ചു് തീർന്ന ഉടനെത്തന്നെ കുറുപ്പു് കൂലിക്കു് ആളെ നിറുത്തി. കറുത്തരോമം, വെള്ളരോമം, ചെമ്പൻരോമം, ഇങ്ങനെ തരം തിരിക്കലായിരുന്നു അവരുടെ ജോലി.

മാസങ്ങൾ പിന്നെയും കഴിഞ്ഞു. എന്നാൽ പരദേശി വന്നില്ല.

പരദേശി പിന്നെ ആ ദിക്കിൽ കടന്നിട്ടില്ല എന്നാണു് പറയുന്നു് കേട്ടിട്ടുള്ളതു്. എത്രനാൾ കുറുപ്പു് ജോലിക്കാർക്കു് കൂലികൊടുത്തു എന്നും ശരിയായി വിവരം കിട്ടിയിട്ടില്ല.

# 3. നമ്പൂര്യച്ഛനും വരിയൻ പുലിയും

നമ്പൂര്യച്ഛൻ ഒരു യാത്ര പോവുകയായിരുന്നു. ഒരു മലമ്പാതയിൽക്കൂടി. ഒരു കാട് കടന്ന് പോകണം.

നടന്ന് നടന്ന് കുറെ ചെന്നപ്പോൾ നമ്പൂതിരി ഒരു വലിയ കൂട് കണ്ടു. എന്താണെന്നറിയാൻ അദ്ദേഹം അങ്ങോട്ട് നോക്കി. അതിനുള്ളിലുണ്ട് ഒരു വരിയൻ പുലി നില്ക്കുന്നു. മലയന്മാരുടെ കെണിയിൽ പെട്ടിരിക്കയാണവൻ. കുറെ കഴിഞ്ഞാൽ കാടന്മാർ വന്ന് അവന്റെ കഥ കഴിക്കും. അതുകൊണ്ട് അവൻ നമ്പൂതിരിയോട് വിളിച്ച് പറഞ്ഞു:—

"നമ്പൂര്യച്ഛാ! നമ്പൂര്യച്ഛാ! ഒന്നിവിടത്തോളം വരണം."

നമ്പൂര്യച്ഛൻ ദീനദയാലുവാണ്. വിളികേട്ട മാത്രയിൽ തന്നെ കൂട്ടിന്നരികെ എത്തി. അദ്ദേഹം പുലിയോട് ചോദിച്ചു, "എന്താ, വ്യാഘ്രമേ?"

പുലി പറഞ്ഞു തുടങ്ങി:—"എന്താണിത്ര തിരക്ക്? ഈ വഴിക്കൊക്കെ ഒന്ന് കണ്ടിട്ട് എത്ര നാളായി! എന്റെ സംഗതി ഒന്നും നല്ലപോലെ നിശ്ചയമുണ്ടാവില്ല. ഞാൻ മാംസഭക്ഷണമൊക്കെ എന്നേ ഉപേക്ഷിച്ചിരിക്കുന്നു. അല്ലെങ്കിലും, പച്ചക്കറി തന്നെയാണ് ജീവികൾക്ക് പറ്റിയ ആഹാരം. എന്നാലും ചില കഴുതകൾക്ക് അതിന്റെ മാഹാത്മ്യം

ഇനിയും മനസ്സിലായിട്ടില്ല. എന്താ, നമ്പൂര്യച്ഛൻ ഒന്നും മിണ്ടാത്തതു്?"

നമ്പൂതിരി പറഞ്ഞു:—"അപ്പോൾ നമ്മുടെ മാതിരി തന്നെയാണോ? അതേതായാലും നന്നായി. നല്ലവർക്കല്ലേ അങ്ങനെ തോന്നുള്ളൂ. അപ്പോൾ പിന്നെ എന്താ ഈ കൂട്ടിൽ?"

പുലി പറഞ്ഞു:—"എന്തു് പറയാനാണു്! ഇങ്ങനെ ഒന്നു് പറ്റി. ഏതായാലും എന്നെ ഒന്നു സഹായിക്കണം."

നമ്പൂതിരി പരുങ്ങലിലായി. അതുകണ്ടു് പുലി പറഞ്ഞു:— എന്താ, നമ്പൂര്യച്ഛന് ഒരു വല്ലായ്മ? ഒന്നും വിചാരിക്കാനില്ല. ഞാൻ ഇപ്പോൾ സസ്യഭുക്കല്ലേ? പോരെങ്കിൽ, ആപത്തിൽ സഹായിച്ചവനെ ആരെങ്കിലും ഉപദ്രവിക്കുമോ?"

"അപ്പോൾ നമ്മെ ഉപദ്രവിക്കില്ലെന്നു് തീർച്ചയല്ലേ?" നമ്പൂതിരി എടുത്തു് ചോദിച്ചു.

"തീർച്ച, തീർച്ച, ഒരായിരം തീർച്ച", പുലി പറഞ്ഞു.

നമ്പൂതിരി അപ്പോൾ കെണിയുടെ വാതിൽ തുറന്നു. പുലി പുറത്തു കടന്നു.

അവർ രണ്ടുപേരും മെല്ലെ മെല്ലെ നടന്നു തുടങ്ങി. അതിനിടക്കു് പുലി നമ്പൂതിരിയെ പിടിച്ചു് തിന്നാൻ വട്ടം കൂട്ടി. പുലിയുടെ മട്ടു കണ്ടു് നമ്പൂതിരി ചോദിച്ചു. "എന്തിനാണു് ഒരുങ്ങുന്നതു്? പുലി പറഞ്ഞു:—"എനിക്കു് വിശപ്പു് സഹിക്കുന്നില്ല. നമ്പൂര്യച്ഛനെ തിന്നാൽ അല്പം പൊറുതി കിട്ടും."

"അപ്പോൾ നിങ്ങൾ മാംസം ഭക്ഷിക്കില്ലെന്നു് പറഞ്ഞിട്ടു്?" നമ്പൂതിരി ചോദിച്ചു.

പുലി പറഞ്ഞു:—"ഗതികെട്ടാലല്ലേ പുലി പുല്ലു് തിന്നുള്ളൂ?. ഇപ്പോൾ നമ്പൂര്യച്ഛനുള്ളപ്പോൾ എനിക്കു് എന്താണു് ഗതികേടു്?"

അവർ അങ്ങനെ അല്പം തർക്കമായി. അപ്പോൾ അതു്വഴി ഒരു കുറുക്കൻ വന്നു. കുറുക്കനെ രണ്ടുപേരും മധ്യസ്ഥനാക്കി. നമ്പൂതിരിയോടു് ക്രോഷ്ടാവിനു് അനുകമ്പ തോന്നി. അദ്ദേഹത്തെ എങ്ങിനെയെങ്കിലും രക്ഷിക്കണമെന്നു് അവൻ തീരുമാനിച്ചു. അതുകൊണ്ടു് കുറുക്കൻ പറഞ്ഞു:—"എനിക്കു് എല്ലാം അറിയണം. എല്ലാം നേരിട്ടു കാണണം. വെറുതെയങ്ങു് വിധി പറയാനൊക്കുകയില്ല. സാക്ഷി ആരുമില്ലല്ലോ! നമുക്കു് നിങ്ങൾ ആദ്യമായി കണ്ടുമുട്ടിയ ദിക്കിലേക്കു് തന്നെ മടങ്ങുക."

നമ്പൂതിരിയും, പുലിയും, കുറുക്കനും അങ്ങനെ പൂർവ്വസ്ഥാനത്തേക്കു് തന്നെ മടങ്ങിയെത്തി. അപ്പോൾ പുലി പറഞ്ഞു;—ഞാൻ ഈ കൂട്ടിലായിരുന്നു. നമ്പൂര്യച്ഛൻ വന്നു് എന്നെ തുറന്നു വിടുകയാണു് ഉണ്ടായതു്. എനിക്കു് എന്റെ ഭക്ഷണം കഴിക്കണം."

നമ്പൂതിരി പറഞ്ഞു:—"മാംസഭക്ഷണം ഉപേക്ഷിച്ചിരിക്കുന്നതായി പുലി എന്നോടു് പറഞ്ഞു. എന്നെ ഉപദ്രവിക്കില്ലെന്നും തീർച്ച പറഞ്ഞു. അതുകൊണ്ടാണു് ഞാൻ പുലിയെ സഹായിച്ചതു്. എന്നെ വെറുതെ വിടേണ്ടതാണു്."

കുറുക്കൻ:—"വിധി ഞാൻ വേണ്ടപോലെ പ്രസ്താവിക്കാം. എന്നാൽ, എനിക്കാദ്യം ഉണ്ടായപോലെ കാണണം. അപ്പോൾ പുലിഅച്ഛൻ എവിടെ ആയിരുന്നു?"

"ഞാൻ ഇവിടെ ആയിരുന്നു," എന്നു് പറഞ്ഞു് പുലി പെട്ടെന്നു് കൂട്ടിനുള്ളിൽ കടന്നു നിന്നു. ഉടനെ തന്നെ കുറുക്കൻ കെണിയുടെ വാതിലടച്ചു് പൂട്ടിയിട്ടു് വിധി പറഞ്ഞു. "നമ്പൂര്യച്ഛൻ നമ്പൂര്യച്ഛന്റെ പാട്ടിനു് പോകണം. പുലിയച്ഛൻ പുലിയച്ഛൻ നിന്നേടത്തു തന്നെ നിൽക്കയും വേണം."

## 4. വിഡ്ഢിച്ചങ്കരൻ

ഒരു ഗ്രാമത്തിൽ ചങ്കരൻ എന്നു പേരായ ഒരാൾ പാർത്തിരുന്നു. സമുദായം അയാളെ ഒരു വിഡ്ഢിയായിട്ടാണു കണക്കാക്കിയിരുന്നത്.

ഒരു ദിവസം ചങ്കരൻ ചുമ്മാ അങ്ങനെ നടക്കുകയായിരുന്നു. അപ്പോൾ ഒരു തള്ള കുറെ പഞ്ചസാര ഒരു പായിൽ ചിക്കി ഉണക്കുന്നത് അയാളുടെ ദൃഷ്ടിയിൽ പെട്ടു. ചങ്കരൻ വൃദ്ധയോടു ചോദിച്ചു:- "എന്താ, മുത്ത്യമ്മേ ഇത്?" പഞ്ചസാരയാണെന്നു പറഞ്ഞാൽ ചങ്കരൻ അതൊക്കെ വാരിത്തിന്നെങ്കിലോ എന്നു വിചാരിച്ച് വയസ്സി പറഞ്ഞു "ഇത് കുറച്ചു മണലാണ്" മണലാണെങ്കിൽ ഇതിൽ വെളിക്കിരിക്കാലോ എന്നു പറഞ്ഞ് ചങ്കരൻ തള്ള മാറിയപ്പോൾ അതിൽ മലമൂത്രവിസർജ്ജനം ചെയ്തു.

ചങ്കരൻ പിന്നെ അവിടന്ന് പോന്നു. വീണ്ടും യാത്ര തുടർന്നപ്പോൾ ഒരു ക്രിസ്ത്യാനി എണ്ണ അളക്കുന്നതു കണ്ടു. ചങ്കരൻ ചോദിച്ചു. "എന്താ, മാപ്പിളാ, അളക്കണത്?" എണ്ണയാണെന്നു പറഞ്ഞാൽ ചങ്കരൻ ആവശ്യപ്പെട്ടെങ്കിലോ എന്നു വിചാരിച്ച് ക്രിസ്ത്യാനി പറഞ്ഞു. "ഞാൻ കുറച്ചു വെള്ളം അളക്കാണ്" അങ്ങനെയാണെങ്കിൽ ഇതുകൊണ്ടു മേല് കഴുകാലോ എന്നു പറഞ്ഞ് ചങ്കരൻ ആ എണ്ണപ്പാത്രം പിടിച്ചെടുത്ത് അതിൽ ഒരു കുളി നടത്തി.

അപ്പോഴേക്കും ആദ്യം പറഞ്ഞ പഞ്ചസാരത്തള്ള അവിടെ എത്തി. തള്ളയും മാപ്പിളമാരും കൂടി ശങ്കരനെ പിടിച്ച് അടുത്തുള്ള നാട്ടുപ്രമാണിയുടെ അടുത്തേക്ക കൊണ്ടുപോയി സംഗതികൾ അദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹം ഒരുവിധം ആ കേസ്സ് പറഞ്ഞൊതുക്കി.

മുത്ത്യമ്മയും മാപ്പിളമാരും അവരവരുടെ വീടുകളിലേക്കു പോയപ്പോൾ നാട്ടുപ്രമാണി ശങ്കരനോടു പറഞ്ഞു, "ശങ്കര, നീ ഇവിടെ ജോലിക്ക് നിന്നോളൂ" ശങ്കരൻ സമ്മതിച്ചു. അപ്പോൾ നാട്ടുകാര്യസ്ഥൻ പറഞ്ഞു, "ശങ്കര, ഒരു കരാറു വേണം."

ശങ്കരൻ—"എന്തു വേണമെങ്കിലും ആവാം."

നാട്ടുപ്രമാണി—"എന്റെ ഇഷ്ടത്തിന് നീ പിരിഞ്ഞുപോവുകയാണെങ്കിൽ ഞാൻ എന്റെ മൂക്ക് നിനക്കു തരാം. അല്ല, നിന്റെ ഇഷ്ടത്തിനു പോവുകയാണെങ്കിൽ നീ നിന്റെ മൂക്ക് എനിക്ക് തരണം."

ശങ്കരന് ഒരു വിഷമവും ഉണ്ടായില്ല. അയാൾ എല്ലാം സമ്മതിച്ചു.

പിറേറന്നു രാവിലെ വീട്ടമസ്ഥൻ ശങ്കരനോടു പശുക്കൾക്ക് വെള്ളം കാട്ടാൻ പറഞ്ഞു. ശങ്കരൻ ഉടനെത്തന്നെ ഒരു ജാവിനിങ്ങാണ്ടിൽ കുറച്ചു വെള്ളമെടുത്ത് പുല്ലുകൂട്ടിന്നടുത്ത് ചെന്ന് പശുക്കളെ അതു കാണിച്ചു. എന്നിട്ട് തിരികെ പോന്നു, പാവം പശുക്കൾ അവററ സമയത്തിന് വെള്ളം കിട്ടാതെ കഴുത്തു നീട്ടി നിന്നു.

പിന്നെ ഗൃഹസ്ഥൻ ശങ്കരനോട് പശുക്കളെ പാടത്ത് തീററാൻ കൊണ്ടുപോകാൻ പറഞ്ഞു. പോകുമ്പോൾ വീട്ടമസ്ഥൻ പറഞ്ഞു, "ഒററ

ക്കട നെല്ല് തീററരുതു്." ചങ്കരൻ സമ്മതം മൂളി. പശുക്കളെ പാടത്തേക്കു കൊണ്ടുപോയി. പാടത്തു ചെന്ന ഉടനെതന്നെ ചങ്കരൻ ഒരുകട നെല്ലു പറിച്ചു് കയ്യിൽ പിടിച്ചു. പിന്നെ പശുക്കളെ കണ്ടത്തിലേക്കു വിട്ടു് എല്ലാ നെല്ലും തീററിച്ചു.

വൈകുന്നേരമായപ്പോൾ ചങ്കരൻ പശുക്കളേയും കൊണ്ടു് വീട്ടിൽ എത്തി. പശുക്കളുടെ വയററ് വല്ലാതെ വീർത്തിരിക്കുന്നതു കണ്ടു് നാട്ടുപ്രമാണി ചോദിച്ചു, "എന്താ, ചങ്കരാ? പശുക്കളുടെ വയററ് വല്ലാതിരിക്കുന്നതു്? ചങ്കരൻ കയ്യിലെ നെല്ലിൻകട കാണിച്ചു് പറഞ്ഞു, "ഏമാന്നേ! ഈ ഒററക്കടയൊഴിച്ചു് ബാക്കി നെല്ലൊക്കെ ഞാൻ തീററിയില്ലേ?"

നാട്ടുപ്രമാണിക്കു് ചങ്കരനെക്കൊണ്ടു് പൊറുതി മുട്ടി. ഒടുവിൽ അയാളോടു് പൊയ്ക്കൊള്ളാൻ പറഞ്ഞു. അപ്പോൾ ചങ്കരൻ മൂക്കു ചോദിച്ചു. നാട്ടുപ്രമാണി തന്റെ മൂക്കു് മുറിച്ചുകൊടുത്തു് ചങ്കരന്റെ ബാധ ഒഴിച്ചു.

## 5. കോന്തന്റെ രാജസേവനം

ഒരു അച്ഛനും ഒരു അമ്മക്കും കൂടി ഒരേ ഒരു മകനേ ഉണ്ടായിരുന്നുള്ളൂ. അവന്റെ പേര് കോന്തൻ എന്നായിരുന്നു. എന്താണ് സംഗതി എന്നറിഞ്ഞുകൂടാ, ആളുകൾ അവനെ വിഡ്ഢിക്കോന്തൻ, വിഡ്ഢിക്കോന്തൻ എന്നാണ് വിളിച്ചിരുന്നത്. കാലക്രമത്തിൽ അവന്റെ മാതാപിതാക്കൾ മരിച്ചു. അപ്പോൾ കോന്തൻ ഒരു യുവാവായിക്കഴിഞ്ഞിരുന്നു. ഉപജീവനത്തിന് ഒരു ജോലി അന്വേഷിച്ച് കോന്തൻ വീടുവിട്ടിറങ്ങി.

നടന്ന് നടന്ന് അയാൾ അവിടത്തെ രാജാവിന്റെ കൊട്ടാരത്തിലെത്തി. പിന്നെ രാജാവിനെ മുഖം കാണിച്ച് സങ്കടമുണർത്തി. ദയാശീലനായ അദ്ദേഹം കോന്തനെ രാജധാനിയിലെ പശുക്കളെ മേയ്ക്കുന്ന ജോലി ഏല്പിച്ചു.

നേരം പുലർന്നാൽ കോന്തൻ പശുക്കളെയും കൊണ്ട് അടുത്ത കാട്ടിൽ എത്തും. പിന്നെ പശുക്കളെ അവിടെ ഒരിടത്ത് കെട്ടിയിട്ട് സുഖമായി കിടന്നുറങ്ങും. നേരം സന്ധ്യയോടടുക്കുമ്പോൾ അയാൾ ഉണരും. പിന്നെ പശുക്കളുടെ വാലിന്റെ കീഴിൽ നീണ്ട പുല്ലുകൾ കുത്തിക്കയറ്റി രാജധാനിയിലേക്ക് തിരിക്കും,

ഈ സമ്പ്രദായം തുടൎന്നു പോന്നതോടെ പശുക്കളുടെ സ്ഥിതി എന്തായി എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ! ചിലവ ചത്തുപോയി. ബാക്കിയുള്ളവ എല്ലും തൊലിയുംമാത്രമായി. രാജാവു് വിവരമറിഞ്ഞു് ഒരു ദിവസം കോന്തനെ വിളിച്ചന്വേഷിച്ചു:—എന്താ, കോന്താ! നീ നമ്മുടെ പശുക്കളെ ശരിയായി തീറ്റുന്നില്ലേ?"

കോന്തൻ:—ഏമാനേ! എല്ലാം വേണ്ടപോലെ ചെയ്യുന്നുണ്ടു്. അവിടത്തെ പശുക്കൾ പുല്ലു് തിന്നു് പുല്ലു് തന്നെയാണു് ചാണകമിടുന്നതു്!"

ഇതുകേട്ടു് രാജാവു് പശുക്കളെ ചെന്നു് നോക്കി. അവയുടെ പിന്നിൽ പുല്ലിൻ തണ്ടുകൾ തുറിച്ചു് നിൽക്കുന്നതു് അദ്ദേഹം കണ്ടു. രാജാവു് ഉടനെത്തന്നെ ഈ സംഗതി രാജസദസ്സിൽ ആലോചനയ്ക്കു് വെക്കാൻ തീരുമാനിച്ചു.

രാജസദസ്സിൽ ആലോചന നടന്നുകൊണ്ടിരിക്കയായിരുന്നു. അപ്പോഴുണ്ടു് കോന്തൻ അവിടെ ഓടി എത്തിയിരിക്കുന്നു. രാജാവു് കാരണമന്വേഷിച്ചു. അപ്പോൾ കോന്തൻ പറയുകയാണു്:—"അങ്ങയുടെ അമ്മക്കു് വയറിളക്കമാണു്".

തന്റെ അമ്മയുടെ വയറിളക്കത്തെപ്പറ്റി സദസ്സിൽ പരസ്യമായി പറഞ്ഞതു് തനിക്കു് അപമാനമാണെന്നു് രാജാവിനു തോന്നി. അതുകൊണ്ടു് അദ്ദേഹം അയാളോടു് പറഞ്ഞു:—"കോന്താ! മേലാൽ നീ ഇങ്ങനെ ഓടി വന്നു് ഒന്നും ഉറക്കെ പറയരുതു്. സൂക്ഷിച്ചോ,"

കാലം പിന്നെയും കഴിഞ്ഞു. ഒരു ദിവസം അരമനയിൽ നിന്നു് അല്പം അകലെ ഒരിടത്തു് രാജാവു് പരിവാരസമേതം ഒരു കാഴ്ച കണ്ടു് നില്ക്കുകയായിരുന്നു. ആ സമയത്താണു് കൊട്ടാരത്തിനു് എങ്ങിനെയോ തീ പിടിച്ചതു്. കോന്തൻ രാജാവിനെ വിവരമറിയിക്കാൻ കാഴ്ച സ്ഥലത്തെത്തി. രാജാവിന്റെ അടുത്തു് ചെന്നു് ഓച്ഛാനിച്ചു് ഒരിടത്തു് മാറിനിന്നു. അല്പം കഴിഞ്ഞപ്പോൾ ഭൂപാലൻ കോന്തനോടു് ചോദിച്ചു:—

"എന്തെടാ, പോന്നതു്?"

കോന്തൻ തലചൊറിഞ്ഞു് കൊണ്ടു് മെല്ലെ പറയാൻ തുടങ്ങി. 'ത ... മ്പ്രാ... ന്റെ..."

രാജാവു്:— "ഉം; പറയെട ബാക്കി" കോന്തൻ വീണ്ടും തല ചൊറിഞ്ഞുകൊണ്ടു് സാവധാനം പറഞ്ഞു:— "തമ്പ്രാന്റെ കൊ... ട്ടാ... ര...ത്തിനു് തീ... പിടി... ച്ചിരിക്കുന്നു."

രാജാവു്:—എടാ! കഴുതേ! എന്നിട്ടാ നീ ഇത്ര മെല്ലെ മെല്ലെ പറയുന്നതു്, നീ എല്ലാം തുലച്ചു. നിന്നെ ഇനി എന്റെ രാജ്യത്തു് കാണരുതു്."

കോന്തൻ:— "തമ്പ്രാൻ, അവിടുന്നു് കല്പിച്ച പോലെയല്ലേ ഞാൻ ചെയ്തതു്?"

# 6. മൊയില്യാരു് ബാവുക്ക

ഞങ്ങളുടെ നാട്ടിൽ പണ്ടൊരു് മൊയില്യാരു് ഉണ്ടായിരുന്നു;- മൊയില്യാരു് ബാവുക്ക. വയള്ള് പറയൽ ആണ് അദ്ദേഹത്തിന്റെ ജോലി;- അതായതു് പള്ളിയിൽ പ്രസംഗിക്കൽ. മുഹമ്മദിയർ ബാവുക്കയെ പറ്റി ഇങ്ങനെ പറയാറുണ്ട്:— "ഞമ്മടെ ബാവുക്കാനോട്ട് മനശന്മാക്ക് എന്തൊരു ഇശ്റാ, ബാവുക്കാക്ക് മനശന്മാരോടും അങ്ങനെ തന്നെയാ. പ്രിയ. മനശന്മാരേ, എന്നല്ലേ ബാവുക്ക വയള്ള് പറയാൻ തൊടങ്ങൊന്നെ."

ഒരു ദിവസം, ഒരു ദിവസം എന്നു് വെച്ചാൽ ഒരു വെള്ളിയാഴ്ച. ബാവുക്കാക്ക് അന്നു് വയള്ള് പറയാൻ പോകണം. രാവിലെതന്നെ കുളിച്ചു. നിസ്കാരവും കഴിഞ്ഞു. ഉമ്മറത്തു് നിൽക്കുകയാണ്. അപ്പോഴുണ്ട്. അടുത്ത വീട്ടിലെ ചാത്തൻ കോഴിമുസലിയാരുടെ മുററത്തു് നിൽക്കുന്നു അദ്ദേഹം വിചാരിച്ചു:— "ആരാന്റെ കോയി എന്താ, ഞമ്മന്റെ മിററത്ത്? ഉശാറൻ കോയി കവുത്തിന് പിടിക്കതന്നെ, ഓടിപ്പിടിച്ചു. കൊട്ടേരെ ചോട്ടിലിട്ട് കെട്ട്യാളോട്ട് പറയാം. ഇത്തിരിചാറ് ഉണ്ടാക്കട്ടെ് വെള്ള്യാഴ്ചല്ലേ?"

മുസലിയാർ പിന്നെ ഓടിയെത്തി കോഴിയെ പിടിച്ചു് കുട്ടയുടെ ചവട്ടിലിട്ടു. എന്നിട്ടു് കെട്ടിയവളെ വിളിച്ചു ഇങ്ങനെ പറഞ്ഞു:—




"എടീ പഹച്ചീ! ഞമ്മള് വന്ന് പറഞ്ഞ് മങ്ങിവന്നപ്പഴക്കം ഇത ചാത്തൻ കോയിനെ ചാറാക്കണം. കേട്ടടി! ഇത്തിരി പത്തിരിയും ചുടണം കേട്ടടി, പഹച്ചീ!"

ഇതും പറഞ്ഞ് ബാവുക്ക പള്ളിയിൽ പോയി.

മുസ്ലിം സ്ത്രീകൾക്ക് പള്ളിക്കകത്ത് കടക്കാൻ പാടില്ലല്ലോ. എന്നാലും ഭർത്താവിന്റെ പ്രസംഗം കേൾക്കാൻ പാത്തുമ്മക്ക്, അതായത് ബാവുക്കയുടെ കെട്ട്യോൾക്ക് ഒരു പൂതി. പള്ളിവളപ്പിൽ അവർ ആരും കാണാതെ ഒരിടത്ത് ചെന്ന് നിന്ന് ചെവിയോർത്തു.

ബാവുക്ക വയള് പറഞ്ഞു തുടങ്ങി:— "മനശന്മാരേ, ശക്തനായ ദൈവം എത്രയോ ചെറിയവനാകുന്നു. എന്നാൽ ദൈവം പുളിയൻ മാവിന്റെ തടിയോളമില്ല. വണ്ണൻ വാഴയുടെ കടയോളമില്ല. മനശന്മാരേ ദൈവം എത്രയോ കൊച്ചനാകുന്നു. മൊട്ടസൂചിയുടെ മൊട്ടിനോളമില്ല കോഴിപ്പേന്റെ എടകവുത്തിനോളമില്ല. മനശന്മാരേ ദൈവം എത്രയോ- ചെറിയവനാകുന്നു."

അപ്പോഴേക്കും ബാവുക്കാക്ക് കുട്ടയുടെ ചുവട്ടിലെ കോഴിയുടെ കാര്യം ഓർമ്മ വന്നു. അദ്ദേഹം തട്ടിവിട്ടു:— "മനശന്മാരേ ആരാന്റെ കോയിനെ പിടിച്ച് കൊട്ടേരെ ചോട്ടിലിട്ട് ചാറാക്യാല് ഓരോന്നിലും എണ്ണി ദൈവം കണക്ക് ചോദിക്കും. ചാറാക്ക്ണോര്ക്കുള്ള പാപം പുളിയൻമാവിനോളമാണ്. മനശന്മാരേ നിങ്ങൾ ഇത് കേട്ടാൽ മാത്രം പോര, ആരാന്റെ കോയിനെ പിടിച്ച് ബയിക്കരുത്."

പാത്തുമ്മ ഇത് കേട്ടപാതി കേൾക്കാത്തപാതി ഓടി കുടിയിൽ എത്തി കുട്ട തുറന്ന് ചാത്തൻ കോഴിയെ പുറത്ത് വിട്ടു.

പിന്നെ പാത്തുമ്മ വേഗം പത്തിരി ചുട്ടു. കാക്കൻ മുളകും വാളൻ പുളിയും അരച്ച് കുറച്ച് ചമ്മന്തിയും ഉണ്ടാക്കി.

ബാവുക്ക വയള്ള് പറഞ്ഞ് മടങ്ങിഎത്തി. പാത്തുമ്മ പത്തിരിയും ചമ്മന്തിയും ഹാജരാക്കി. ബാവുക്കാക്ക് ദേഷ്യം വന്നു. അദ്ദേഹം കെട്ട്യോളോട് ചോദിച്ചു:— "എടീ, പഹച്ചി! എവിടേടീ കോയിച്ചാറ്?"

പാത്തുമ്മ പറഞ്ഞു:— നിങ്ങൾ പള്ളീല് പറഞ്ഞത് [illegible] കോയീനെ ചാറാക്കാൻ പാടില്ലാന്നല്ലേ? ചാറാക്കീട്ടു [illegible]ള്ളു [illegible] പുള്ളിയാൻ മാവിരാളുമാണെന്നല്ലേ?"

ബാവുക്ക:— "അതല്ലടീ, പഹച്ചീ! അത് ഞമ്മക്ക് ബാധിക്ക്വോ പഹച്ചീ?"

## 7. കുഞ്ഞാത്തോലും രണ്ടാം കുടിയമ്മയും

ഒരു മനയ്ക്കലെ ഒരു നമ്പൂതിരി ഒരു വേളി കഴിച്ചു. താമസിയാതെ അദ്ദേഹത്തിന് ഒരു മകൾ ജനിച്ചു. മകൾ ചെറുപ്പമായിരുന്നപ്പോൾ തന്നെ അവളുടെ അമ്മ മരിച്ചുപോയി. നമ്പൂതിരിയും മകളും ബന്ധുക്കളുമൊക്കെ ദുഃഖിച്ചു.

കാലം കുറെ കഴിഞ്ഞു. ബന്ധുമിത്രാദികൾ നമ്പൂതിരിയെ രണ്ടാമതൊരു വേളി കഴിക്കാൻ നിർബന്ധിച്ചു. മകളും തനിക്ക് അമ്മ എന്ന് വിളിക്കാൻ ഒരാൾ ഉണ്ടാകുമല്ലോ എന്നോർത്ത് സന്തോഷിച്ചു. അപ്പോൾ അച്ഛൻനമ്പൂതിരി പറഞ്ഞു:— "മകളേ! ഞാൻ വീണ്ടും വേളികഴിച്ചാൽ അത് നിനക്ക് ഒരു ഉപദ്രവമായിത്തീർന്നാലോ?" അങ്ങനെ വരില്ലെന്നും തനിക്ക് ഒരമ്മ ഉണ്ടാകട്ടെ എന്നുംപറഞ്ഞ് മകളും അച്ഛനെ നിർബന്ധിച്ചു.

അങ്ങനെ ആ രണ്ടാം വേളിയും കഴിഞ്ഞ് അച്ഛനും രണ്ടാം കുടിയമ്മയും വരുന്നത് കണ്ടപ്പോൾ കുഞ്ഞാത്തോലിന് എന്തെന്നില്ലാത്ത സന്തോഷമുണ്ടായി. അവൾ പടിക്കലേക്ക് ഓടിച്ചെന്ന് രണ്ടാം കുടിയമ്മയുടെ കൈകടന്ന് പിടിച്ചു. അപ്പോൾ ആ സ്ത്രീ കുട്ടിയുടെ കൈക്ക് ഒരു നുള്ള് വെച്ച് കൊടുത്തു. അവൾക്ക് വേദനിച്ചു. എന്നാലും കുട്ടി വിചാരിച്ചു, അമ്മ സന്തോഷം കൊണ്ട് നുള്ളിയതാണ്."

എന്നാൽ കുറച്ചു് കൊല്ലം കഴിയുന്നതിനു് മുമ്പു് തന്നെ കണ്ണാരത്താളിനു് മനസ്സിലായി. ആ നാളു് സന്തോഷം കൊണ്ടായിരുന്നില്ലെന്നു്. അവൾക്കു് രണ്ടാം കെട്ടിയമ്മ ശരിക്കു് ഊണും വസ്ത്രങ്ങളും കൊടുക്കാതായി. എന്നല്ല പല വിധത്തിലും അവളെ ഉപദ്രവിച്ചു തുടങ്ങി.

ഒരു പുളിയിലയിൽ ചോറും അടയ്ക്കാത്തോടിൽ വെള്ളവും കൊടുക്കും. ഇങ്ങനെയാണു് അവളുടെ ഭക്ഷണക്രമത്തെപ്പററി ആളുകൾ പറഞ്ഞിരുന്നതു്.

അവിടെ അടുത്തു് തന്നെ മററൊരു മനയും ഉണ്ടായിരുന്നു. ആ മനയ്ക്കൽ ഒരു സർപ്പക്കാവും ഉണ്ടായിരുന്നു. അതിലെ സർപ്പത്തിനു് ദിവസവും ഒരു മനുഷ്യനെയായിരുന്നു തീററ.

ഒരു ദിവസം കണ്ണാരത്താളിനെ അടിക്കയും ശകാരിക്കയും ചെയ്യുന്നതിനിടക്കു് കോപിഷ്ഠയായ രണ്ടാം കെട്ടിയമ്മ പറഞ്ഞു:— "നിന്നെ ഞാൻ നാളെ മനയ്ക്കലെ സർപ്പത്തിനു് കൊടുക്കും."

ഇതു് കേട്ടു് കണ്ണാരത്താളിനു് വല്ലാത്ത സങ്കടമായി. അവൾ താമസിയാതെ തന്റെ അമ്മയെ ശവദാഹം ചെയ്തിരുന്ന സ്ഥലത്തു് ചെന്നിരുന്നു് കരഞ്ഞു. അപ്പോൾ പരമശിവനും പാർവ്വതിയും അവളുടെ മുമ്പിൽ പ്രത്യക്ഷരായി. അവർ അവൾക്കു് ഒരു മുറവും ഒരു ചൂരലും അഞ്ചു് പുളിങ്കുരുവും കൊടുത്തു് ഇങ്ങനെ പറഞ്ഞു:— "ഈ കുരു സർപ്പക്കാവിനു് അകത്തും പുറത്തും ഇടുക. അപ്പോൾ സർപ്പം ചീറി പുറത്തു് വരും. പുറത്തു് വരുമ്പോൾ സർപ്പത്തെ ഈ മുറം കൊണ്ടടച്ചു് ഈ ചൂരൽ അതിനു് മീതെ വെക്കുക."

ആ മന്ത്രം ജപിച്ച് പിറേറന്ന് തന്നെ കണ്ണാമണിയായ് സർപ്പങ്ങളാദി വെന്തു. എന്നിട്ട് പുളിങ്കുരു അകത്തും പുറത്തും വിതറി. ഉടനെ സർപ്പം ചീറി വന്നു. അപ്പോൾ അവർ മുറം കൊണ്ട് അവനെ മൂടി ചൂരൽ അതിന് മീതെ വെച്ചു.

ഹോ! എന്തൊരാശ്ചര്യം! സർപ്പമുണ്ട് സുന്ദരനായ ഒരു രാജകുമാരൻ ആയിരിക്കുന്നു. രാജകുമാരനും കണ്ണാമണിയും അവിടെ വെച്ചു തന്നെ വിവാഹിതരായി. പിന്നീടുള്ളകാലം അവർ സുഖമായി ജീവിച്ചു.

## 8. ഓരിക്കുറുക്കൻ ഓടും പോലെ

ഒരു അച്ഛനും ഒരു അമ്മക്കും കൂടി ഒരു മകൻ ഉണ്ടായിരുന്നു. ഇട്ടുണ്ണാൻ എന്നായിരുന്നു അവന്റെ പേര്. പഠിക്കാൻ പോകണമെങ്കിൽ നാല് അട കിട്ടണമെന്ന് അവൻ അമ്മയോട് പറഞ്ഞു. അതനുസരിച്ച് അമ്മ അട നാലെണ്ണം ചുട്ടു കൊടുക്കുകയും ചെയ്തു.

അടയും കൊണ്ട് ഇട്ടുണ്ണാൻ പഠിപ്പിന് യാത്രയായി. കുറെ നടന്ന് ചെന്നപ്പോൾ ഒരു കരിമ്പന നിൽക്കുന്നതു കണ്ടു. കരിമ്പന അവനോട് ചോദിച്ചു. "കുട്ടി, കുട്ടി! എവിടേക്കാ പോണത്." കുട്ടി പറഞ്ഞു:—"ഞാൻ പഠിക്കാൻ പോണ്." അപ്പോൾ കരിമ്പന ചോദിച്ചു:— "എന്താ കയ്യില്?"

ഇട്ടുണ്ണാൻ:—"അഞ്ച് അട."
കരിമ്പന:—"എന്തിനാ?."
ഇട്ടുണ്ണാൻ:—"പഠിപ്പിച്ച് തരുന്നവർക്ക് കൊടുക്കാൻ."
കരിമ്പന;—"ഒരെണ്ണം എനിക്ക് തന്നാൽ ഞാൻ പഠിപ്പിച്ച് തരാം."

ഇട്ടുണ്ണാൻ ഒരട കരിമ്പനക്ക് കൊടുത്തു. അപ്പോൾ കരിമ്പന പഠിപ്പിച്ചു കൊടുത്തു:— "കരിമ്പന നിൽക്കും പോലെ" അതു പഠിച്ച് അവൻ അവിടെ നിന്ന് യാത്ര തുടർന്നു.

കുറെക്കൂടി നടന്നു് അവൻ ഒരു ചുണ്ടപ്പനയുടെ സമീപമെത്തി. ചുണ്ടപ്പന ചോദിച്ചു, "എവിടെക്കാ കുട്ടീപോണതു്.? എന്താ കയ്യില്?" ഇട്ടുണ്ണാൻ മുമ്പത്തെപ്പോലെ, താൻ പഠിക്കാൻ പോകയാണെന്നും കയ്യിൽ അടയാണെന്നും പഠിപ്പിച്ചു് കൊടുക്കുന്നവൎക്കു് ദക്ഷിണനല്കാനുള്ളതാണെന്നും പറഞ്ഞു. അപ്പോൾ ചുണ്ടപ്പന പറഞ്ഞു, "ഒരട എനിക്കു് തന്നാൽ ഞാൻ പഠിപ്പിച്ചു് തരാം." അപ്പോൾ ഒരട അവൻ ചുണ്ടപ്പനക്കു കൊടുത്തു. ചുണ്ടപ്പന പഠിപ്പിച്ചു. "ചുണ്ടപ്പന നില്ക്കും പോലെ." അതും പഠിച്ചു് ഇട്ടുണ്ണാൻ വീണ്ടും യാത്ര ആരംഭിച്ചു.

നേരം ഉച്ചയായിക്കഴിഞ്ഞിരുന്നു. അപ്പോൾ അവൻ ഒരു പാടത്തു് കൂടിയാണു് യാത്ര ചെയ്തിരുന്നതു്. അവിടെ ഒരു എലി ഇരുന്നു് ഒരു വരമ്പു് തുരക്കുകയായിരുന്നു. എലിയും അവനോടു് വിവരങ്ങൾ അന്വേഷിച്ചു. സംഗതി മനസ്സിലായപ്പോൾ എലി അവനോടു പറഞ്ഞു, "ഒരട എനിക്കു് തന്നാൽ ഞാൻ പഠിപ്പിച്ചു് തരാം" അവൻ ഒന്നു് എലിക്കും കൊടുത്തു. അപ്പോൾ എലി പഠിപ്പിച്ചു:— "വരമ്പത്തെ തുരപ്പൻ തുരക്കും പോലെ." ഇട്ടുണ്ണാൻ അതു് പഠിച്ചു് പിന്നെയും നടന്നു.

കുറെ ചെന്നപ്പോൾ വഴിയരികെ ഒരു കുറുക്കൻ ഉണ്ടായിരുന്നു. കുറുക്കനും ആദ്യത്തെവരെപ്പോലെ കുശലപ്രശ്നം ചെയ്തു. വിവരം അറിഞ്ഞപ്പോൾ കുറുക്കനും പറഞ്ഞു. ഒരടകിട്ടിയാൽ പഠിപ്പിച്ചു കൊടുക്കാമെന്നു് അവൻ അവസാനത്തെ അട ആ കുറുക്കനു കൊടുത്തു. അപ്പോൾ



കുറുക്കൻ പറഞ്ഞു് കൊടുത്തു. "മാറിക്കറുക്കാൻ മാത്രം പോരെ!"

ങ്ങാട തീൎന്നു. ഇട്ടുണ്ണാൻ അന്നത്തെ പഠിപ്പ് മതിയാക്കി തിരികെ വീട്ടിലേക്ക് പോയി.

വൈകുന്നേരമായപ്പോൾ ദേഹശുദ്ധി വരുത്തി ഇട്ടുണ്ണാൻ പ്രാൎത്ഥന നടത്തി. പിന്നെ അന്നു് കേട്ടതു് മനസാ ഉരുവിട്ടു് പഠിച്ചു് കൊണ്ടിരുന്നു. ഊണു് കഴിഞ്ഞു് വിളക്ക് ഊതിക്കിടന്നപ്പോൾ അച്ഛനും അമ്മയ്ക്കും ഒരാഗ്രഹം മകൻ പഠിച്ചതൊക്കെ ഒന്നു് കേൾക്കാൻ. അവർ തങ്ങളുടെ ആഗ്രഹം മകനെ അറിയിച്ചു.

ഇട്ടുണ്ണാൻ എണീററിരുന്നു് ആദ്യം പഠിച്ചതു് പറഞ്ഞു, "കരിമ്പന നില്ക്കും പോലെ!" പിന്നെ രണ്ടാമത്തേതും ഉരുവിട്ടു. "ചുണ്ടപ്പന നില്ക്കും പോലെ" പിന്നെ മൂന്നാമത്തേതായി. "വരമ്പത്തെ ഇരപ്പൻ തുരക്കും പോലെ!"

ആ സമയത്തു് അവരുടെ വീട്ടിനു് പുറത്തു് രണ്ടു് കള്ളന്മാർ ഉണ്ടായിരുന്നു. അവർ അവിടെ കളവു് നടത്താനായി ചുമരു് തുരന്നുകൊണ്ടിരിക്കയായിരുന്നു. ഇതുകേട്ടു് അവർ വിചാരിച്ചു. കുട്ടി തങ്ങളെ കണ്ടാണു് ഇതൊക്കെ പറയുന്നതെന്നു്. എങ്ങനെ വിചാരിക്കാതിരിക്കും? ഇങ്ങനെ വല്ല പഠിപ്പുമുണ്ടോ ലോകത്തു്? രക്ഷയില്ലെന്നു് വിചാരിച്ചു് അവർ ഓടാൻ തുടങ്ങി. അപ്പോഴാണു് ഇട്ടുണ്ണാൻ നാലാമത്തേതു് ഉരുവിട്ടതു്, "ഓരിക്കുറുക്കൻ ഓടും പോലെ!"

(ജയ്‌ഹിന്ദ്)

The Mahatma Printing Works, Thycaud, Trivandrum,

228

C( TR PRINTED AT THE GOVERNMENT PRESS,
TRIVANDRUM, 1961.